## 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5510** **03-11-2021 - ൽ മറുപടിയ്ക്ക്**

## ഡയാലിസിസ് രോഗികൾക്കുള്ള സഹായങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുഹമ്മദ് മുഹസിൻ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഡയാലിസിസ് രോഗികൾക്ക് സർക്കാരിൽ നിന്നും സഹായങ്ങൾ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ; | (എ) | ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ പ്രവർത്തിക്കുന്ന Society for Medical Assistance to the poor പദ്ധതി മുഖേന മൂന്ന് ലക്ഷത്തിൽ താഴെ വാർഷിക വരുമാനം ഉള്ള ഡയാലിസിസ് രോഗികൾക്ക് Society അംഗീകൃത ആശുപത്രികളിലെ ഡോക്ടറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി 50,000/- രൂപ വരെ ധനസഹായം നൽകി വരുന്നു. ഡയാലിസിസ് രോഗികൾക്ക് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (കാസ്പ്), കാരുണ്യ ബനവലന്റ് ഫണ്ട് (കെ.ബി.എഫ്) എന്നീ പദ്ധതികൾ പ്രകാരം ചികിത്സാ സഹായം ലഭിക്കുന്നതാണ്. കൂടാതെ ആർ.ബി.എസ്.ബി.വൈ, പി.എം.ജെ.എ.വൈ മുഖേനയും സൗജന്യ ചികിത്സ നൽകി വരുന്നുണ്ട്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP) ഗുണഭോക്താക്കൾ ആയിട്ടുള്ള ഡയാലിസിസ് രോഗികൾക്ക് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി (SHA) യിൽ എംപാനൽ ചെയ്തിട്ടുള്ള ഡയാലിസിസ് ചികിത്സ ലഭ്യമാകുന്ന ആശുപത്രികളിൽ നിന്നും തികച്ചും സൗജന്യമായാണ് ചികിത്സ ലഭ്യമാകുന്നത്. KASP ഗുണഭോക്താക്കൾ അല്ലാത്ത 3 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള എല്ലാവർക്കും APL/ BPL വ്യത്യാസമില്ലാതെ 2 ലക്ഷം രൂപയുടെ ചികിത്സ ഒറ്റത്തവണത്തേക്ക് കാരുണ്യ ബനവലന്റ് ഫണ്ട് (KBF) പദ്ധതി മുഖേന നൽകി വരുന്നുണ്ട്. വൃക്ക സംബന്ധമായ അസുഖങ്ങൾക്കാണെങ്കിൽ KBF ൽ നിന്നും 3 ലക്ഷം രൂപയുടെ സൗജന്യ ചികിത്സ ലഭ്യമാണ്. |
| (ബി) | കാരുണ്യാ ഫണ്ടിൽ നിന്നും ഡയാലിസിസ് രോഗികൾക്ക് ചികിത്സാ ചെലവിനും മറ്റുമായി ധനസഹായം നൽകാറുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാമാണെന്നും അതിനുള്ള നടപടിക്രമങ്ങളും വിശദമാക്കാമോ? | (ബി) | കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി, കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി എന്നിവയിൽ നിന്ന് ഡയാലിസിസ് രോഗികൾക്ക് ചികിത്സാ ചെലവിനും മറ്റുമായി ധനസഹായം നേരിട്ട് കൈമാറാറില്ല. അർഹരായ ഗുണഭോക്താക്കൾക്ക് ഡയാലിസിസ് ചികിത്സ ആവശ്യമായി വന്നാൽ സ്റ്റേറ്റ് ഹെൽത്ത് |

| | | | |
|---|---|---|---|
| | | | ഏജൻസി (SHA) യിൽ എംപാനൽ ചെയ്ത ഡയാലിസിസ് ചികിത്സ ലഭ്യമാകുന്ന സർക്കാർ/ സ്വകാര്യ ആശുപത്രികളിൽ നിന്നും ചികിത്സ തേടാവുന്നതാണ്. KASP/KBF ഗുണഭോക്താക്കൾക്ക് തികച്ചും സൗജന്യമായാണ് ഈ ആശുപത്രികളിൽ ചികിത്സ ലഭ്യമാക്കി വരുന്നത്. KASP/KBF ഗുണഭോക്താക്കൾക്ക് സൗജന്യ ചികിത്സ നൽകിയതിന് ആശുപത്രികൾക്ക് ചെലവായ തുക സ്റ്റേറ്റ് ഹെൽത്ത് ഏജൻസി നേരിട്ട് ആശുപത്രികൾക്ക് കൈമാറുന്നതാണ് നടപടിക്രമം. വാർഷിക വരുമാനം 3 ലക്ഷത്തിനു താഴെയുള്ള കുടുംബത്തിലെ ഡയാലിസിസ് രോഗികൾക്കാണ് കെ.ബി.എഫ് പദ്ധതിപ്രകാരം ചികിത്സ ലഭിക്കുന്നത്. ഡയാലിസിസിന് 3 ലക്ഷം രൂപയുടെ സുരക്ഷ ലഭിക്കുന്നു. |

സെക്ഷൻ ഓഫീസർ